നമ്പർ 93/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ഭരണസമിതി യംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

2008 ഒക്ടോബർ 21 – ാം തീയതി സമ്മേളിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ തീരുമാനപ്രകാരവും, 25.02.2009 –ന് സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശപ്രകാരവും രൂപീകൃതമായ **ബാംഗ്ളൂർ, അഹമ്മദാബാദ്, യു.കെ-യൂറോപ്പ്-ആഫ്രിക്ക, സൗത്ത് വെസ്റ്റ് ഡയോസിസ് ഓഫ് അമേരിക്ക, നോർത്ത് – ഈസ്റ്റ് ഡയോസിസ് ഓഫ് അമേരിക്ക** എന്നീ മെത്രാസനങ്ങൾ നിലവിൽ വന്നതായി ഈ കല്പനയിലൂടെ നാം പ്രഖ്യാപിക്കുന്നു. പുതുതായി രൂപീകരിക്കപ്പെട്ട മെത്രാസനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന ഇടവക പള്ളികളുടെ ലിസ്റ്റ് ഇതോടൊന്നിച്ച് ചേർക്കുന്നു.

നവാഭിഷിക്തരായ മെത്രാപ്പോലീത്താമാർക്ക് മെത്രാസനങ്ങൾ നൽകുന്നത് സംബന്ധിച്ച് 2009 ഫെബ്രുവരി മാസം 24 –ാം തീയതി സമ്മേളിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി നമുക്ക് സമർപ്പിച്ച ആലോചന പരിഗണിച്ചും, ഫെബ്രുവരി മാസം 25 –ാം തീയതി സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നമുക്ക് നൽകിയ ശുപാർശ സ്വീകരിച്ചും മെത്രാസന ഭരണം സംബന്ധിച്ച് താഴെ പറയുന്ന പ്രകാരം മെത്രാപ്പോലീത്താമാരെ നാം നിയമിച്ചിരിക്കുന്നു.

1. അഭി. മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ – നോർത്ത് ഈസ്റ്റ് ഡയോസിസ് ഓഫ് അമേരിക്ക.
2. അഭി. സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലീത്താ – നോർത്ത് ഈസ്റ്റ് ഡയോസിസ് ഓഫ് അമേരിക്ക (സഹായ മെത്രാപ്പോലീത്താ)
3. അഭി. കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ – തുമ്പമൺ മെത്രാസനം
4. അഭി. സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ – കൊല്ലം മെത്രാസനം
5. അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ – കൊച്ചി മെത്രാസനം
6. അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ – അങ്കമാലി മെത്രാസനം
7. അഭി. മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ – ഇടുക്കി മെത്രാസനം
8. അഭി. ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ – കൽക്കട്ട മെത്രാസനം
9. അഭി. ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ – സുൽത്താൻ ബത്തേരി മെത്രാസനം
10. അഭി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ – യു. കെ – യൂറോപ്പ് – ആഫ്രിക്ക മെത്രാസനം
11. അഭി. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ – സൗത്ത് വെസ്റ്റ് ഡയോസിസ് ഓഫ് അമേരിക്കാ
12. അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ – മദ്രാസ് മെത്രാസനം.

(മറുപുറം)

അഹമ്മദ്ബാദ്, ബാംഗ്ളൂർ എന്നീ മെത്രാസനങ്ങൾ നമ്മുടെ നേരിട്ടുള്ള ഭരണത്തിൽ നിലനിൽക്കുന്നതും, ബോംബെ മെത്രാസനത്തിന്റെ ഗീവർഗീസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ അഹമ്മദ്ബാദ് മെത്രാസന ഭരണത്തിലും, സുൽത്താൻ ബത്തേരി മെത്രാസനത്തിന്റെ ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോ ലീത്താ ബാംഗ്ളൂർ മെത്രാസന ഭരണത്തിലും നമ്മെ സഹായിക്കുന്നതുമാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യ യുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോ റിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................



**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2009 മാർച്ച് മാസം 02 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.